ശ്രീ. എസ്. ശർമ്മ : സർ, യഥാർത്ഥത്തിൽ മൽസ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിക്കപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കുവേണ്ടി നാനാവിധത്തിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ പൂർണ്ണമായ പ്രയോജനം ഈ മേഖലയ്ക്ക് ഇതിനകം ലഭ്യമായിട്ടില്ല. എന്നാൽ ഈ മേഖലയുടെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ഇവർ പ്രോസ്സസ് ചെയ്യുന്നതിൽ പങ്ക് വഹിക്കുന്ന വരാണെന്നും കയറ്റുമതിയിൽ പ്രധാനപ്പെട്ട അദ്ധ്വാനം വിനിയോഗിക്കുന്ന വരാണെന്നും കണക്കിലെടുത്തുകൊണ്ട് ഇവരെ പ്രോൽസാഹിപ്പിക്കുന്നതിനും ഇവരുടെ ആരോഗ്യപരമായ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട വേതനം ലഭിക്കുന്നതിനുമെല്ലാം ഉദ്ദേശിച്ചുകൊണ്ടാണ് കമ്മിറ്റിയെ നിയോഗിച്ചത്. അതിനുവേണ്ട നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. ബി. ബാബുപ്രസാദ് : സർ, ഏറ്റവും കൂടുതൽ സ്ത്രീകൾ മൽസ്യ സംസ്ക്കരണ രംഗത്ത് പണിയെടുത്തുകൊണ്ടിരിക്കുന്ന രണ്ട് പഞ്ചായത്തുകളാണ് ആറാട്ടുപുഴയും തൃക്കുന്നപ്പുഴയും. ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഈ മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീ സമൂഹത്തിൽ, ഹൈജീനിക് അല്ലാത്തതു നിമിത്തം വേണ്ടത്ര ശുദ്ധമായ ഒരന്തരീക്ഷത്തിൽ ജോലിചെയ്യാൻ കഴിയാതെ അവർ രോഗബാധിതരായിക്കൊണ്ടിരിക്കുകയാണ്. തീരദേശത്ത് ക്യാൻസറടക്കമുള്ള രോഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ ജോലിയും തൊഴിലിടവും ഹൈജീനിക് ആക്കാനും അവരെ രോഗത്തിൽ നിന്ന് രക്ഷപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, പീലിംഗ് ഷെഡ്ഡുകൾ എല്ലാം ഹൈജീനിക് ആക്കി മാറ്റുക എന്നുള്ള കൺസപ്റ്റോടുകൂടിയാണ് ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. എം.പി.ഇ.ഡി.യുടെ സാമ്പത്തിക സഹായത്തോടെ ഹൈജീനിക് ആക്കുന്നതിനുവേണ്ടി കേരളത്തിൽ ഒരുപാട് കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. ഇത് ഹൈജീനിക് ആക്കിയെങ്കിൽ മാത്രമേ ഗുണമേന്മയുള്ള ഈ ഉൽപ്പന്നത്തിന്റെ കയറ്റുമതി കൂടുതൽ പ്രോൽസാഹിപ്പിക്കുവാൻ കഴിയുകയുള്ളൂ. ആ കാഴ്ച്ചപ്പാടാണ് ഗവൺമെന്റിനുള്ളത്.

പോലീസിന്റെ മോഡേണൈസേഷൻ

4 (* 634) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിന്റെ മോഡേണൈസേഷന് കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ പദ്ധതികളുടെ നടത്തിപ്പും, അതുമൂലം പോലീസിന്റെ കാര്യക്ഷമതയിലുണ്ടായ വ്യത്യാസവും വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ, വിശദവിവരം നൽകാമോ ;

(ബി) മോഡേണൈസേഷനുമായി ബന്ധപ്പെട്ട്, എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചത് എന്ന് വിശദമാക്കാമോ ; അവയുടെ നടത്തിപ്പ് പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി ഇതേവരെ കേന്ദ്രത്തിൽ നിന്നും ഓരോ വർഷവും ലഭിച്ച സഹായമെത്രയെന്നും, എത്ര തുക വീതം ചെലവഴിച്ചു എന്നും വിശദമാക്കാമോ ;

(ഡി) ഇതുപ്രകാരം വാങ്ങിയ വാഹനങ്ങളുടെ വിശദവിവരവും, ആധുനിക ഉപകരണങ്ങളുടെ വിശദവിവരവും, ലഭ്യമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ,

(എ) ഉണ്ട്. വാഹനസൗകര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞതിലൂടെ പ്രശ്ന ബാധിത അപകടമേഖലകളിൽ ചുരുങ്ങിയ സമയം കൊണ്ട് പോലീസ് സഹായം നൽകാൻ സാധിക്കുന്നുണ്ട്. മൂന്ന് സിറ്റികളിൽ നടപ്പിലാക്കിയ ഡയൽ-100 സിസ്റ്റം പൊതുജനങ്ങൾക്ക് പോലീസുമായി വളരെവേഗം ബന്ധപ്പെടാൻ വഴിയൊരുക്കിയിട്ടുണ്ട്. ജില്ലയിലെ പ്രധാന റോഡുകളിൽ സ്ഥാപിച്ചുകൊണ്ടിരുന്ന സെക്യൂരിറ്റി ക്യാമറകൾ ട്രാഫിക് നിയമലംഘനങ്ങളും മറ്റ് കുറ്റകൃത്യങ്ങളും എളുപ്പത്തിൽ കണ്ടെത്താൻ സഹായിക്കുന്നു. ഇപ്പോൾ 155 പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ലോക്കപ്പ്-മോണിറ്ററിംഗ് സിസ്റ്റം ലോക്കപ്പിനുള്ളിലെ പ്രതികളെ നിരീക്ഷിക്കുന്നതിന് സഹായിക്കുന്നു. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്ഥാപിക്കപ്പെട്ട ഡിഎൻഎ-ഫിംഗർ പ്രിന്റ് പരിശോധനാ സംവിധാനം ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് വളരെയധികം സഹായിക്കുന്നു.

(ബി) പോലീസ് ആധുനികവൽക്കരണ ഫണ്ട് വിനിയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

(1) നിർമ്മാണ പ്രവർത്തനങ്ങൾ

(2) ഉപകരണങ്ങൾ വാങ്ങൽ

(3) ഓപ്പറേഷൻ വാഹനങ്ങൾ വാങ്ങൽ

(4) സയന്റിഫിക് ഇൻവെസ്റ്റിഗേഷൻ എക്യൂപ്മെന്റ് വാങ്ങൽ

(5) ആയുധങ്ങൾ വാങ്ങൽ

(6) വാർത്താവിനിമയ ഉപകരണങ്ങൾ വാങ്ങൽ

(7) ട്രാഫിക് ഉപകരണങ്ങൾ വാങ്ങൽ

(8) എക്യൂപ്മെന്റ്സ് വാങ്ങൽ

(9) പരിശീലനം നൽകൽ

(10) കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കൽ

(11) മെഗാസിറ്റി/അർബൻ പോലീസിംഗ് (കൊച്ചി) നടപ്പാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

(സി) നാളിതുവരെ കേന്ദ്രത്തിൽനിന്ന് ലഭിച്ച തുകയും ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു (30-6-2010 പ്രകാരം) :

പദ്ധതി വർഷം	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവാക്കിയ തുക (ലക്ഷത്തിൽ)
2000-01	2929.00	2929.00
2001-02	3112.00	3112.00
2002-03	2543.00	2543.00
2003-04	2200.00	2200.00
2004-05	2645.00	2645.00
2005-06	1885.00	1885.00
2006-07	2300.00	2300.00
2007-08	3836.00	3810.70
2008-09	2290.00	2290.00
2009-10	3254.00	2644.51
ആകെ	26994.00	26359.21

(ഡി) വാഹനങ്ങളുടേയും, ആധുനിക ഉപകരണങ്ങളുടേയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, കേന്ദ്ര സഹായം അനുസരിച്ച് പോലീസ് നവീകരണത്തോടനുബന്ധിച്ച് തീരദേശങ്ങളിലും അതുപോലെ മലയോര പ്രദേശങ്ങളിലുമൊക്കെ പുതിയ സ്റ്റേഷനുകൾ ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ അതിനെക്കുറിച്ച് വിശദീകരിക്കാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞാൽ ആ പോലീസ് സ്റ്റേഷനുകളുടെ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനാണ് കേന്ദ്ര സഹായം ലഭ്യമാകുന്നത്. പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം സ്ഥാപിക്കണമെന്നുള്ളത് സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ടാണ് തീരുമാനിക്കുന്നത്.

ശ്രീ. യു. സി. രാമൻ : സർ, പോലീസ് നവീകരണത്തിന്റെ ഭാഗമായി യഥേഷ്ടം വാഹനങ്ങൾ ഇപ്പോൾ വാങ്ങിയിട്ടുണ്ട്. ആ വാഹനങ്ങളിലേക്ക് ആവശ്യമായ ഡ്രൈവർമാരെ പലപ്പോഴും നിശ്ചയിച്ചിട്ടില്ല. ആ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, വാഹനങ്ങൾക്ക് ആവശ്യമായിട്ടുള്ള ഡ്രൈവർമാരെ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ സ്ഥലത്തുമുള്ള ഡ്രൈവർമാരുടെ കുറവ് കണക്കിലെടുത്തുകൊണ്ട് അത് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly